LSGD
തദ്ദേശ
സ്വയംഭരണ
വകുപ്പ്

# കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്



# വാർഷിക ബജറ്റ് 2026-27

## ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി



2026-27 വാർഷിക ബഡ്ജറ്റ് തയ്യാറാക്കൽ

കാഞ്ഞിരപ്പള്ളി
ഗ്രാമപഞ്ചായത്ത്

# വാർഷിക ബഡ്ജറ്റ്

2026 -27



# ആമുഖം

**സുനി ജോസഫ് പത്യാല**
**പ്രസിഡന്റ്**

ബഹുമാന്യരെ,

കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2026-2027 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെടുന്നത്. നമ്മുടെ രാഷ്ട്ര പിതാവ് മഹാത്മജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എല്ലാ അർത്ഥത്തിലും പ്രാവർത്തികമാക്കുകയെന്ന സമീപനമാണ് നമുക്കുള്ളത്.

കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ പുതിയ ഭരണസമിതി നിലവിൽ വന്നിട്ട് ഏതാനും മാസങ്ങളേ ആയിട്ടുള്ളൂ. ഈ സാമ്പത്തിക വർഷം അവസാനിക്കാറായി. ലഭ്യമായ വിവരങ്ങളിൽ ഊന്നിനിന്നുകൊണ്ട് പശ്ചാത്തല മേഖലയിലും ഉൽപ്പാദന മേഖലയിലും സേവന മേഖലയിലും നടത്താവുന്ന വികസന പ്രവർത്തനങ്ങൾ ചുരുങ്ങിയ കാലയളവിനുള്ളിൽ പൂർത്തീകരിക്കേണ്ടതുണ്ട്.

കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വികസന നയങ്ങളും ആസൂത്രണ കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങളും അടിസ്ഥാനമാക്കി വേണം വികസനപദ്ധതികൾ തയ്യാറാക്കേണ്ടത്. അതു പ്രകാരം ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും ഗ്രാമ സഭകളും ചേർന്ന് വിശദമായ ചർച്ചകൾ നടത്തി വികസന സെമിനാറിൽ അവതരിപ്പിക്കപ്പെട്ട നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിൽ പദ്ധതികളായി ഉൾപ്പെടുത്തിയിരിക്കുന്നത്.

വികസനാവശ്യങ്ങൾ കടലോളമാണ്. വിഭവങ്ങൾ പരിമിതവും. അതോടൊപ്പം വളരെ കുറഞ്ഞ സമയ പരിധിക്കുള്ളിൽ പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കേതുമാണ്.

മുൻ ഭരണസമിതി തുടങ്ങിവച്ച പദ്ധതികൾ പൂർത്തിയാക്കേണ്ടതുണ്ട്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ 2026 - 2027 സാമ്പത്തിക വർഷത്തിൽ നിരവധിയായ വികസനാവശ്യങ്ങൾ നടപ്പിലാക്കേണ്ടതുമുണ്ട്. നിലവിലെ സാമ്പത്തിക ബാദ്ധ്യത പരിഹരിച്ചും, പുതിയ പദ്ധതികൾക്കാവശ്യമായ ഫണ്ട് കണ്ടെത്തിയും മുന്നോട്ടു പോകാൻ ഏവരുടേയും സഹകരണം ഉണ്ടായേ തീരൂ. നമ്മുടെ നാടിന്റെ ശോഭനമായ ഭാവി മുന്നിൽ കണ്ട് ഒന്നായി മുന്നേറാൻ നമുക്കു പരിശ്രമിക്കാം.

പഞ്ചായത്ത് കമ്മറ്റിക്കുവേണ്ടി,

**സുനി ജോസഫ് പത്യാല**

**പ്രസിഡന്റ്**



# ആമുഖം

അഡ്വ.സുനിൽ തേനംമാക്കൽ
വൈസ് പ്രസിഡന്റ്

14-ാം പഞ്ചവത്സര പദ്ധതിയുടെ അവസാനവർഷമെന്ന നിലയിലും പുതിയ ഭരണ സമിതിയുടെ ആദ്യവർഷത്തെ ബഡ്ജറ്റെന്ന നിലയിലും കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2026-2027 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെടുന്നത്. പശ്ചാത്തലമേഖല, ഉൽപ്പാദനമേഖല, സേവനമേഖല എന്നിങ്ങനെ സമസ്ത മേഖലയിലും നമ്മുടെ നാടിന്റെ വികസന സങ്കൽപ്പങ്ങൾ മുന്നിൽക്കണ്ട് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളാണ് ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മുൻഭരണസമിതി തുടങ്ങിവച്ച വിവിധ പദ്ധതികൾ പൂർത്തീകരിക്കണം. പുതിയ പദ്ധതികൾ പ്രാവർത്തികമാക്കണം. അടിസ്ഥാന വികസനാവശ്യങ്ങൾ നിറവേറ്റപ്പെടണം. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ, നയങ്ങളും, ആസൂത്രണ കമ്മീഷന്റെ മാർഗ്ഗരേഖകളും നടപടിക്രമങ്ങളും സമയ ബന്ധിതമായി പാലിയ്ക്കപ്പെടണം.

ലഭ്യമായ വിഭവ സ്രോതസ്സ് വളരെപരിമിതമാണ്. ബാദ്ധ്യതകൾ ഒട്ടേറെയുണ്ടുതാനും. ഇങ്ങനെ വളരെയേറെ ഗൗരവമായ പ്രതിസന്ധിയിലൂടെയാണ് നാംകടന്നുപോകുന്നത്. എന്നിരുന്നാൽതന്നെയും നാടിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടണം. പുതിയ പുതിയ ഉൽപ്പാദക സംരംഭങ്ങൾ ഉണ്ടാവണം. ആരോഗ്യ മേഖലയിലെ പോരായ്മകൾ പരിഹരിക്കപ്പെടണം.

താലൂക്കാസ്ഥാനമായ കാഞ്ഞിരപ്പള്ളി ടൗൺ മനോഹരമാക്കണം. ഗതാഗതക്കരുക്ക് ഒഴിവാക്കണം. നടപ്പാതകൾ പൂർണ്ണമായും സഞ്ചാരയോഗ്യമാക്കണം. ചിറ്റാർപുഴയെ മാലിന്യമുക്തമാക്കണം. അംഗൻവാടികളും സ്കൂളുകളും നവീകരിക്കണം. ഭിന്നശേഷിക്കാർക്കു അർഹമായ പരിഗണന നൽകണം. വയോജനങ്ങളുടെ ജീവിതം സമ്മോഹനമാക്കണം. സ്ത്രീശാക്തീകരണത്തിന് ഊന്നൽ നൽകണം. കരിമ്പുകയം, മേലരുവി, വട്ടകപ്പാറ എന്നീ ടൂറിസം പദ്ധതികൾ പൂർത്തീകരിക്കണം. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു മുന്തിയ പരിഗണന നൽകണം, ഭവന നിർമ്മാണവും, ഭവന പുന:രുദ്ധാരണവും പരിപൂർണ്ണമായി നടപ്പിലാക്കണം , തെരുവുനായ ശല്യം പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പിലാക്കണം STP സ്ഥാപിക്കൽ ക്ഷീരഗ്രാമം പദ്ധതി, മയക്കുമരുന്നിനെതിരെയുള്ള ബോധവൽകരണം, കുട്ടികളുടെയും യുവജനങ്ങളുടെയും ക്ഷേമം, കാഞ്ഞിരപ്പള്ളി ടൗൺ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, കാർഷിക മേഖലയുടെ വളർച്ച, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ തുടങ്ങിയവ പ്രവർത്തനക്ഷമമാക്കുകയും വേണം

ഇങ്ങനെ അടിസ്ഥാന സൗകര്യ വികസനത്തിലൂന്നിയും യുവജന കർമ്മശേഷി വർദ്ധിപ്പിച്ചും നൂതന പദ്ധതികളാവിഷ്ക്കരിച്ചും നമുക്കു മുന്നേറണം. കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ വിഭവശേഷി പരിമിതമാണ്. നിലവിലെ ബാദ്ധ്യതകൾ തീർത്ത് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനു നല്ല മുതൽമുടക്ക് വേണ്ടി വരും. വാടക കുടിശ്ശിക കർശനമായി സമാഹരിച്ചും തനതുഫണ്ടിനു പുതിയ മാർഗ്ഗങ്ങൾ തേടിയും എം.എൽ. എ./എം. പി. എന്നിവരുടെ സഹകരണം ഉറപ്പാക്കിയും ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുമായി സഹകരിച്ചും വരുമാനം വർദ്ധിപ്പിക്കേണ്ടതുണ്ട്. അടിയന്തിര സ്വഭാവമുള്ള വികസനാവശ്യങ്ങൾക്കു മുന്തിയ പരിഗണന നൽകി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

## 1. മിനി ബൈപാസ്

കാഞ്ഞിരപ്പള്ളിയേക്കുറിച്ച് വളരെ വികൃതമായ ചിത്രമാണ് ഇതിലൂടെ കടന്നുപോകുന്ന യാത്രികരിലുള്ളത്. ആ ചിത്രം മാറ്റി വരച്ചേ തീരൂ. കാഞ്ഞിരപ്പള്ളി ടൗൺ നേരിടുന്ന ഗുരുതരമായ ഗതാഗതക്കുരുക്കിനു ഒരളവുവരെ പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിക്കപ്പെട്ട മിനി ബൈപാസ് പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കപ്പെടണം. നമ്മുടെ നാടിന്റെ ചിരകാലാഭിലാഷമായ പ്രധാന മിനി ബൈപാസിന്റെ നിർമ്മാണം പൂർത്തീകരിക്കപ്പെടേണ്ടതുണ്ട്. നിലവിൽ 1 കോടി 20 ലക്ഷം ചിലവഴിച്ചുവെങ്കിലും 1.5 കോടി രൂപ കൂടി മുടക്കിയെങ്കിൽ മാത്രമേ മിനി ബൈപ്പാസ് എന്ന് സ്വപ്നം സാക്ഷാതികരിക്കൂ.

## 2. ചിരിയ്ക്കുന്ന ചിറ്റാർ

മഹത്തായ പാരമ്പര്യവും പൈതൃകവും കൈമുതലായുള്ള കാഞ്ഞിരപ്പള്ളിയുടെ ഐശ്വര്യപ്രദായിനിയാണ് ചിറ്റാർ പുഴ. ഇന്ന് കരളലിയിക്കുന്ന കാഴ്ച മാത്രമാണ് ചിറ്റാർ പുഴ നമുക്കു നൽകുന്നത്. അതിനുത്തരവാദികളും നാം തന്നെ. അനിയന്ത്രിതമായ കയ്യേറ്റങ്ങളും കൈവശപ്പെടുത്തലുകളും ചിറ്റാറിനെ ശ്വാസം മുട്ടിയ്ക്കുന്നു. മാലിന്യങ്ങൾ യാതൊരു ചാഞ്ചല്യവുമില്ലാതെ പുഴയിലേയ്ക്കു തള്ളപ്പെടുന്നു. അറവുമാലിന്യങ്ങളും വിസ്സർജ്ജ്യങ്ങളും പുഴയിലേയ്ക്കു നിക്ഷേപിക്കപ്പെട്ടു. ഇതിനെതിരെ കർശനമായ നിയമ നടപടികളും ബോധവൽക്കരണവും അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്. ആദ്യകാല ചിറ്റാറിന്റെ പ്ലാൻ പ്രകാരം കയ്യേറ്റങ്ങൾ അവസാനിപ്പിക്കേണ്ടതുണ്ട്. ചെറുതും, വലുതുമായ കയ്യേറ്റങ്ങൾ കർശനമായി ഒഴിപ്പിച്ചും മാലിന്യമുക്തമാക്കിയും ചിറ്റാറിന്റെ മനോഹാരിത വീണ്ടെടുക്കാം. ചിറ്റാർ പുഴയും കൈത്തോടുകളും മാലിന്യമുക്തമാക്കി വികസിപ്പിക്കണം. അതിനാവശ്യമായ ഫണ്ട് കണ്ടെത്തേണ്ടതുണ്ട്.

## 3. പാലം വീതികൂട്ടുക

പഴയ കെ. കെ. റോഡ് എന്ന അവസ്ഥമാറി ദേശീയപാത ആയതോടെ വാഹന ബാഹുല്യം കാഞ്ഞിരപ്പള്ളി ടൗണിനെ പ്രതിസന്ധിയിലാക്കുന്നു. അശാസ്ത്രീയമായി നടപ്പിലാക്കിയ ടൗൺ ബസ്റ്റാൻഡ് നിരന്തരമായ ഗതാഗത തടസ്സത്തിനു കാരണമാകുന്നു. നിലവിലെ ബസ് സ്റ്റാന്റ് നിലനിറുത്തി പുതിയ ബസ് സ്റ്റാൻഡിനു സ്ഥലം കണ്ടെത്തി നടപ്പിലാക്കിയും പ്രശ്ന പരിഹാരത്തിന് മാർഗ്ഗങ്ങൾ തേടേണ്ടതുണ്ട്. പേട്ട ജംഗ്ഷനിലെ പാലം തീരെ ഇടുങ്ങിയതാണ്. അത് അടിയന്തിരമായി കെ.ഈ റോഡ് ഭാഗം വീതി കൂട്ടി നിർമ്മിക്കേണ്ടതാണ്.

## 3) ഓപ്പൺ സ്റ്റേജും ഓട്ടോ ടാക്സി സ്റ്റാൻഡും

ധാരാളം രാഷ്ട്രീയ പാർട്ടികളും വിവിധ സംഘടനകളും തങ്ങളുടെ കരുത്ത് പ്രകടിപ്പിക്കാനും നയപരിപാടികൾ വിശദീകരിക്കാനും പൊതുജനങ്ങളെ ഉൽബുദ്ധരാക്കാനും തെരെഞ്ഞെടുക്കുന്ന ഒരേയൊരു വേദിയാണ് പേട്ടക്കവലയും വെയിറ്റിംഗ് ഷെഡ്ഡും. ഈരാറ്റുപേട്ടയ്ക്കുള്ള ബസ്സുകൾ പാർക്കു ചെയ്യുന്നതും ഓട്ടോറിക്ഷകളും, ടാക്സിക്കാറുകളും, നിരനിരയായി നിറുത്തിയിടുന്നുതും ഇവിടെത്തന്നെയാണ്. ധാരാളം കാൽനടക്കാർക്കും മറ്റുയാത്രികർക്കും നിരവധി കഷ്ടതകളനുഭവിച്ചുവേണം ഇതിലൂടെ യാത്ര ചെയ്യുവാൻ.

ഈ ദുരവസ്ഥയ്ക്കൊരു പരിഹാരമെന്ന നിലയിൽ ചിറ്റാറിലേയ്ക്കിറക്കി തൂണുകൾ പണിതു അതിൻമേൽ നെടുനീളം കോൺക്രീറ്റ് ചെയ്ത് ഒരു ഓപ്പൺ സ്റ്റേജും ഓട്ടോ /ടാ

ക്സി സ്റ്റാൻകും, നിർമ്മിക്കുന്നതിനുള്ള പദ്ധതി താൽക്കാലികമായി തയ്യാറാക്കുകയാണ്. പുതിയ ബസ് സ്റ്റാന്റും സ്റ്റേഡിയവും ആസൂത്രണം ചെയ്യുന്നതോടെ ഇവിടെ വെയിറ്റിംഗ് ഷെഡ്ഡും ഷോപ്പിംഗ് സൗകര്യങ്ങളും ഏർപ്പെടുത്താവുന്നതാണ്. ആയതിലേക്ക് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതാണ്.

### 4) <u>മാലിന്യമുക്ത കാഞ്ഞിരപ്പള്ളി</u>

കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിനെ ആകമാനം മാലിന്യ മുക്തമാക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി വരികയാണ്. അജൈവമാലിന്യങ്ങൾ ഹരിതകർമ്മസേനയുടെ സഹകരണത്തോടെ തരംതിരിച്ചു ശേഖരിച്ചു ടൗൺഹാളിന് പരിസരത്തുള്ള MCF ൽ എത്തിച്ചു ക്ലീൻ കേരള കമ്പനി ക്കു നൽകപ്പെടുന്നതോടെ പ്ലാസ്റ്റിക്ക് പരമാവധി ഒഴിവാക്കപ്പെടുന്നതാണ്. MCF ന്റെ തുടർപണികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

### 5)<u>ടൗൺഹാൾ/കല്യാണമണ്ഡപം/മിനി ഓഡിറ്റോറിയം / പാർക്ക്/റസ്റ്റ് ഹൗസ്</u>

ദീർഘകാലം പ്രവർത്തനരഹിതമായി ഒട്ടേറെ നാശനഷ്ടങ്ങൾക്ക് ഇടയാക്കിയ സംരംഭമാണ് ടൗൺഹാൾ. ദീർഘവീക്ഷണമില്ലായ്മയും കെടുകാര്യസ്ഥതയും മൂലം ടൗൺഹാളിനെ ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല. ഈ ദുരവസ്ഥയ്ക്ക് പരിഹാരമുണ്ടായേ തീരു. നിലവിലെ പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറുന്നതോടെ ടൗൺ ഹാൾ കെട്ടിടം പോരായ്മകളൊക്കെ പരിഹരിച്ചു മോടിപിടിപ്പിക്കുന്നതിനും വിവാഹങ്ങൾക്കും കൺവൻഷനുകൾക്കും ഹാൾ വാടകയ്ക്കു നൽകി വരുമാന മാർഗ്ഗമാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. ഇവിടെ ഒരു മിനി ഓഡിറ്റോറിയവും ചുറ്റും പാർക്കും, പരിസരത്ത് പേ ആന്റ് പാർക്ക് സൗകര്യവും ഏർപ്പെടുത്തുന്നതാണ്. ചുറ്റും മരങ്ങൾ വച്ചുപിടിപ്പിച്ച് ഹരിതവനം പദ്ധതി നടപ്പിലാക്കുന്നതുമാണ്.

### 6. <u>പഞ്ചായത്ത് ഓഫീസ് കെട്ടിടം പണി പൂർത്തിയാക്കൽ</u>

ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിലേക്ക് 2 കോടി 90 ലക്ഷം രൂപാ ചെലവഴിച്ച് സ്ട്രക്ചർ പൂർത്തിയാക്കി ഉദ്ഘാടനം നടത്തിയെങ്കിലും, കെട്ടിടം ഓഫീസ് സമുച്ചയമാക്കി മാറ്റുന്നതിന് ഇനിയും ഒരു കോടിരൂപ മുടക്കേണ്ടതായിട്ടുണ്ട്. ആയത് എത്രയും പെട്ടെന്ന് പണികൾ പൂർത്തീകരിച്ചു സുസ്സജ്ജമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

### 7. <u>സഹൃദയ വായനശാല</u>

കാഞ്ഞിരപ്പള്ളിയുടെ സാംസ്കാരിക ചരിത്രത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ പ്രസ്ഥാനമാണ് സഹൃദയാ വായനശാല. കേരളത്തിലെ പ്രമുഖരും പ്രശസ്തരുമായ ഒട്ടേറെ സാഹിത്യകാരന്മാരുടെ സംഗമസ്ഥലമായിരുന്നു സഹൃദയാ. വായനശാലയുടെ ഉദ്ഘാടനം നടന്നു എങ്കിലും വായനശാല പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുവാൻ 20 ലക്ഷം രൂപ കൂടി മുടക്കേണ്ടതായി വരും.

### 8. <u>പകൽവീട്</u>

വയോജനങ്ങളുടെ ഒത്തുചേരലിനും വിനോദത്തിനുമായി സൗകര്യമൊരുക്കുകയെന്ന

ഉദ്ദേശത്തോടെ കോട്ടയം ജില്ലാ പഞ്ചായത്ത് നിർമ്മിച്ചു ഗ്രാമപഞ്ചായത്തിനു കൈമാറിയ പകൽ വീട് ഇന്ന് അന്യാധീനപ്പെട്ടുപോയിരിക്കുകയാണ്. വർഷങ്ങളനവധി പിന്നിട്ടുവെങ്കിലും ഇന്നും വയോജനങ്ങൾക്ക് അപ്രാപ്യവും അവരുടെ അവകാശങ്ങൾ നിഷേധിക്കപ്പെട്ടും, ഉദ്ദേശലക്ഷ്യ ങ്ങൾക്ക് വിരുദ്ധമായും പകൽവീട് എന്ന ഉദാത്തമായ ലക്ഷ്യം തുരങ്കം വയ്ക്കപ്പെട്ടു പോയി രിക്കുകയാണ്. വയോജനങ്ങൾക്ക് കടന്നെത്താവുന്ന സിവിൽ സ്റ്റേഷന് എതിർവശത്തുള്ള പഞ്ചായത്തുവക കെട്ടിടത്തിലേക്ക് പകൽവീട് മാറ്റി പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

## 9. തെരുവുനായ ശല്യം പരിഹാരമാർഗങ്ങൾ

**ABC Animal Birth Control**

തെരുവുനായ ശല്യം തടയുന്നതിനായി അലഞ്ഞു തിരിയുന്ന നായകൾക്ക് വാക്സി നേഷൻ നൽകുക, വന്ധ്യംകരണം നടത്തുക, പട്ടിപിടുത്തക്കാർക്ക് ട്രെയിനിംഗ് നൽകുക, അലഞ്ഞുതിരിയുന്ന നായകൾക്കായി ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കുക.

## 10 ഭവന നിർമ്മാണം ഭവന പുനരുദ്ധാരണം

അന്തിയുറങ്ങുവാൻ സ്വന്തമായി ഒരു കൂര ഏവരുടെയും സ്വപ്നമാണ്. നിലവിൽ ലൈഫ് ഭൂരഹിത ഭവന രഹിത ലിസ്റ്റിൽ ഉൾപ്പെട്ട് സ്വന്തമായി സ്ഥലം ആർജിച്ചു വരുന്നവർക്കും ഭവന രഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും 1:1 റേഷ്യോയിൽ ഭവന നിർമ്മാണ ആനുകൂല്യം അനുവദിക്കുകയെന്നത് കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്.
വാസയോഗ്യമല്ലാത്ത മുഴുവൻ ജനറൽ SC,ST വിഭാഗത്തിൽപ്പെട്ടവരുടെയും വീടുകൾ വാസ യോഗ്യമാക്കുവാൻ ഈ ഭരണ സമിതി പ്രതിജ്ഞാബദ്ധമാണ്.

## 11 ക്ഷീരഗ്രാമം

ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുക വഴി സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുകയും, ആരോഗ്യകരമായ വരും തലമുറയെ വാർത്തെടുക്കുന്നതി നായി, പശു വളർത്തൽ പ്രോത്സാഹിപ്പിക്കുകയും ക്ഷീര സംഘങ്ങൾക്ക് സബ്സിഡികൾ നൽകുകയും അതുവഴി മായം കലരാത്തതും സംശുദ്ധവുമായ പാൽ ജനങ്ങളിലേക്ക് എത്തി ക്കുവാനും സാധിക്കും.

## 12. കാഞ്ഞിരപ്പള്ളി ബസ്റ്റാന്റിൽ Sewage treatment plant (STP)

ദീർഘകാലമായി കാഞ്ഞിരപ്പള്ളി നിവാസികളുടെയും പതിനായിരക്കണക്കിന് യാത്രക്കാരുടെയും നടക്കാത്ത സ്വപ്നമാണ് കാഞ്ഞിരപ്പള്ളി ബസ്റ്റാന്റിലെ കംഫർട്ട്സ്റ്റേഷൻ 12 മാസവും പ്രവർത്തിക്കുകയെന്നത്. മഴക്കാലമായാൽ സാങ്കേതിക തകരാർമൂലം കംഫർ ട്ട്സ്റ്റേഷൻ അടച്ചിടേണ്ടിവരികയും ജനങ്ങളെ പ്രാഥമിക ആവശ്യങ്ങളിൽ നിന്നുപോലും അകറ്റി നിർത്തേണ്ടി വരുന്ന അവസ്ഥക്ക് പരിഹാരമായ STP പ്രവർത്തന ക്ഷമമാക്കുകയെന്നത് കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ പരമപ്രധാന ലക്ഷ്യങ്ങളിലൊന്നാണ്.

## 13. മയക്കുമരുന്ന്

യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന ഉപയോഗത്തിനെതിരെ IEC ആക്ടിവിറ്റിക്ക് വിവര വിജ്ഞാന വ്യാപന പദ്ധതികൾ നടപ്പിലാക്കുക.

1. ക്ലബ്ബുകൾ, വായനശാലകൾ എന്നിവിടങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.
2. UP School മുതൽ സ്കൂളുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണക്ലാസുകൾ
3. ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കുക.
4. Short Film നിർമ്മിച്ച് പ്രദർശനം നടത്തുക.

**14. മണ്ഡലകാലം**

ശബരിമല മണ്ഡലകാലത്ത് തീർത്ഥാടകർക്കാവശ്യമായ Aminity Centre തുറന്ന് പ്രവർത്തിക്കുക. തീർത്ഥാടകർക്കാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഭക്ഷണം, വിശ്രമം അടക്കമുള്ള സൗകര്യങ്ങൾ ഒരുക്കുക.

**15. DPR**

കാഞ്ഞിരപ്പള്ളിയുടെ സമഗ്രവികസനത്തിനായി സമഗ്ര DPR തയ്യാറാക്കുക.
പ്രവർത്തന മികവുകാട്ടിയിട്ടുള്ള ഏജൻസികളെ കണ്ടത്തി കാഞ്ഞിരപ്പള്ളിയുടെ സമഗ്രവികസനത്തിനാവശ്യമായ പ്രവർത്തനങ്ങളുടെ DPR തയ്യാറാക്കുക. വരുന്ന 5 വർഷം മുൻകൂടിക്കണ്ട് എല്ലാ മേഖലകളിലും വികസന പ്രവർത്തനങ്ങൾ എത്തിക്കുക.

**16. കുട്ടികളുടെ ക്ഷേമം**

കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി കുട്ടികൾക്ക് വിവിധ കായികപരിശീലനങ്ങൾ നൽകുക. കുട്ടികൾക്ക് സാമൂഹിക അവബോധം വളർത്തുന്നതിനായി ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക. സാമൂഹിക അവബോധം വളർത്തുന്നതിന്റെ ഭാഗമായി വിവിധ മത്സരങ്ങൾ സ്കൂളുകളിൽ സംഘടിപ്പിക്കുക.

**17. അടിസ്ഥാന സൗകര്യ വികസനം**

നിലവിലുള്ള അംഗൻവാടികൾ മോടിപിടിപ്പിക്കുന്നതിനും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് സ്ഥലം കണ്ടെത്തി സ്മാർട്ട് അംഗൻവാടികൾ സ്ഥാപിക്കുന്നതിനും പദ്ധതികളുണ്ട്. അംഗൻവാടികൾ വൈകുന്നേരങ്ങളിൽ വയോജന ക്ലബ്ബുകളാക്കി പ്രവർത്തിപ്പിക്കുന്നതിനും പദ്ധതികൾ ആലോചനയിലുണ്ട്. വയോജനങ്ങൾക്ക് കലാഭിരുചി വികസിപ്പിക്കുന്നതിനും കഴിവുകൾ പ്രകടിപ്പിക്കുന്നതിനും വേണ്ടി വേദിയൊരുക്കി അവരെ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതികൾ തയ്യാറായി വരുന്നു.

**18. ഇടവിള കൃഷി**

കാർഷിക മേഖലക്ക് കൂടുതൽ ഊന്നൽ നൽകി വർദ്ധിത വരുമാനം ലഭിക്കുന്ന കാർഷിക വിളകൾ കൃഷി ചെയ്തും വിളവുകൾ നല്ല ഉൽപന്നങ്ങളാക്കി മാറ്റുന്നതിനും അവ വിൽപ്പന നടത്തുന്നതിനും സംരംഭങ്ങൾക്ക് രൂപം നൽകുകയും കർഷക മാർക്കറ്റുകൾ പുനരുജ്ജീവിപ്പിച്ചു പ്രവർത്തന ക്ഷമമാക്കുന്നതിനു പ്രോത്സാഹനം നൽകുകയും ചെയ്യും. വിത്ത്, വളം കീടനാശിനികൾ എന്നിവ സൗജന്യനിരക്കിൽ ലഭ്യമാക്കുന്നതിനും പദ്ധതികളുണ്ട്.

**19. ഭിന്നശേഷി കലോത്സവം**

ഭിന്നശേഷിക്കാർക്കു ആവശ്യമായ എല്ലാ സഹായസൗകര്യങ്ങളും ചെയ്തുകൊടുക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കോക്ലിയർ ഇംപ്ലാന്റും, റിപ്പയറിംഗും നടത്തുന്നതിനും, ശ്രവണ സഹായികൾ നൽകുന്നതിനും പദ്ധതികളുണ്ട്.

## 20. പരിചരണ സഹായി പരിശീലനം.

ഇന്ന് സമൂഹത്തിൽ ഏറ്റവുമധികം അവഗണിക്കപ്പെടുന്ന സമൂഹമാണ് വയോജനങ്ങൾ. ഇന്നലെകളിൽ നമ്മെ കൈപിടിച്ചു നടത്തിയവർ, നാലക്ഷരം ചൊല്ലിത്തന്നവർ ഇന്ന് സഹായത്തിനായി നമ്മെ ആശ്രയിക്കുന്നു, നിരാലംബരും ഏകാന്തതയനുഭവിക്കുന്നവരും ഒട്ടേറെയാണ്. രോഗങ്ങളുടെ കടന്നു കയറ്റവും വർദ്ധിച്ച ചികിത്സാ ചെലവുകളും അവരെ വല്ലാതെ ബുദ്ധിമുട്ടിലാക്കുന്നു. ക്യാൻസർ, പ്രമേഹം, ഹൃദയസംബന്ധമായ രോഗങ്ങൾ, വൃക്ക തകരാറിലായി ഡയാലിസിസിനു വിധേയരായിട്ടുള്ളവർ അസ്ഥിരോഗങ്ങൾ, ചലനശേഷിനഷ്ടപ്പെട്ടവർ, രക്തസമ്മർദ്ദം ഇങ്ങനെ എത്രയോ മാറാരോഗങ്ങളുടെ പിടിയിലായവർ. ഇക്കൂട്ടർക്കു ലഭ്യമായ എല്ലാ ചികിത്സാസഹായങ്ങളും നൽകാൻ പദ്ധതികൾ ഉണ്ടാവണം.

വയോജനങ്ങൾക്കു പരിചരണ സാഹായികളെ ലഭിക്കുന്നില്ല എന്ന വസ്തുത വളരെ ഗുരുതരമാണ്. കിടപ്പുരോഗികൾക്കു പാലിയേറ്റീവ് സൗകര്യങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതോടൊപ്പം പരിചരണ സഹായികൾക്കു ഹൃസ്വകാലപരിശീലന പരിപാടി ബ്ലോക്കു പഞ്ചായത്തിന്റേയും എം.ജി. യൂണിവേഴ്സിറ്റിയുടെയും സഹായ സഹകരണത്തോടെ നടപ്പിലാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്.

12. കുട്ടികൾക്കും യുവജനങ്ങൾക്കും, വയോജനങ്ങൾക്കും കലാഭിരുചി വികസിപ്പിക്കുന്നതിനും കഴിവുകൾ പ്രകടിപ്പിക്കുന്നതിനും വേണ്ടി വേദിയൊരുക്കി അവരെ പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതികൾ തയ്യാറായി വരുന്നു.

## 21. ആശാവർക്കർമാർക്ക് പ്രോത്സാഹനം

സമൂഹത്തിൽ ഏറ്റവുമധികം ക്ലേശമനുഭവിക്കുന്ന അംഗൻവാടി ആശാവർക്കർമാർക്ക് പ്രോത്സാഹനമായി സ്റ്റൈപൻഡ് വർദ്ധിപ്പിച്ചു നൽകുന്നതിന് പദ്ധതിയുണ്ട്. അധികമായി ധനസഹായം വർദ്ധിപ്പിച്ചു നൽകുന്നതിനായുള്ള കർമ്മപദ്ധതിക്ക് ഗ്രാമപഞ്ചായത്ത് രൂപം നൽകിയിട്ടുണ്ട്.

# ഉപസംഹാരം

പ്രിയപ്പെട്ടവരെ,

കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ വികസനാവശ്യങ്ങൾ നിരവധിയാണ്. പരിമിതമായ വിഭവശ്രോതസ്സുകൾ പശ്ചാത്തല മേഖല, സേവന മേഖല അടിസ്ഥാനത്തിൽ നീതിയുക്തമായി വിഭജിച്ചു വകയിരുത്തിയിരിക്കുകയാണ്. പോരായ്മകൾ ഒട്ടേറെയുണ്ട്. എങ്കിൽത്തന്നെയും ചുരുങ്ങിയ സമയപരിധിക്കുള്ളിൽ പദ്ധതികൾക്കു അംഗീകാരം നേടേണ്ടതുണ്ട്.

ആയതുകൊണ്ട് ബഹുമാന്യരായ അംഗങ്ങൾ ഏകമനസ്സോടെ എല്ലാ പിന്തുണയും നൽകി നമ്മുടെ നാടിന്റെ വികസന പ്രക്രിയയിൽ പങ്കുചേരണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസന ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ സർവ്വാത്മനാ സഹകരിച്ച ബഹു. എം.പി., എം.എൽ. എ., ത്രിതല പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ബജറ്റ് തയ്യാറാക്കുന്നതിന് എന്നെ സഹായിച്ച ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, അക്കൗണ്ടന്റ്, പ്ലാൻ കോഓർഡിനേറ്റർ, ഹെഡ് ക്ലാർക്ക്, ഇതര വകുപ്പ് ഉദ്യോഗസ്ഥന്മാർ, ബഹുമാന്യരായ ആസൂത്രണ സമിതിയംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗങ്ങളായ അമ്പിളി ഉണ്ണികൃഷ്ണൻ, സുബിൻ സലിം, സുമി ഇസ്മായിൽ, ജാസ്മിൻ മാത്യു, മഞ്ജു മാത്യു എന്നിവരോടുള്ള ഹൃദയംഗമമായ നന്ദി ഈ ഇവസരത്തിൽ പ്രകാശിപ്പിച്ചുകൊള്ളുന്നു.

കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിനായി തയ്യാറാക്കിയിരിക്കുന്ന ഈ ബഡ്ജറ്റ് നിങ്ങളുടെ നിർദേശങ്ങൾക്കും ചർച്ചകൾക്കും അംഗീകാരത്തിനുമായി നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു

കാഞ്ഞിരപ്പള്ളി
03-2026

**അഡ്വ.സുനിൽ തേനംമാക്കൽ**
വൈസ് പ്രസിഡന്റ്
9447227041

# കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്

## ഭരണസമിതി അംഗങ്ങൾ


ശ്രീമതി സുനി പത്യാല
പ്രസിഡന്റ്


അഡ്വ.സുനിൽ തേനമ്മാക്കൽ
വൈസ് പ്രസിഡന്റ്


ശ്രീമതി രഞ്ജുമോൾ രാജേന്ദ്രൻ
ചെയർപേഴ്സൺ
വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി



ശ്രീ.മനോജ് ജോസഫ്
ചെയർമാൻ
ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി


ശ്രീമതി കൊച്ചുറാണി
ചെയർപേഴ്സൺ ആരോഗ്യം,
വിദ്യാഭ്യാസം സ്റ്റാൻഡിംഗ് കമ്മറ്റി


ശ്രീ. ജേക്കബ് ജോസ്
വാർഡ് - 2


ശ്രീമതി അമ്പിളി ഉണ്ണികൃഷ്ണൻ
വാർഡ് - 3



ശ്രീ.സുബിൻ സലിം
വാർഡ് - 7


ശ്രീമതി സുമി ഇസ്മായിൽ
വാർഡ് - 9


ശ്രീമതി സുറുമി കെ.എ.
വാർഡ് - 10


ശ്രീമതി സയന ഷാജമോൻ
വാർഡ് - 11


ശ്രീ.ജിനു ചെറിയാൻ
വാർഡ് - 12


ശ്രീ.അജി.കെ.സി.
വാർഡ് - 13


ശ്രീ.ജോസഫ് സെബാസ്റ്റ്യൻ
വാർഡ് - 14


ശ്രീ.സജിൻ വട്ടപ്പള്ളിൽ
വാർഡ് - 15


ശ്രീമതി സബിത
വാർഡ് - 16


ശ്രീ.കെ.ആർ.തങ്കപ്പൻ
വാർഡ് - 17


ശ്രീ.തോമസ് ജോസഫ് (റിജോ)
വാർഡ് - 18


ശ്രീമതി ആനിയമ്മ ജോയി
വാർഡ് - 19


ശ്രീമതി ജാസ്മിൻ മാത്യു
വാർഡ് - 20


ശ്രീ.ജോൺ മുണ്ടാസപ്പള്ളിൽ
വാർഡ് - 21


ശ്രീമതി മഞ്ജു മാത്യു
വാർഡ് - 22


ശ്രീമതി ബിജിമോൾ ബാബു
വാർഡ് - 23


ശ്രീമതി സിന്ധു അനിൽ
വാർഡ് - 24


ശ്രീമതി നിഷ വി.ആർ.
സെക്രട്ടറി

# ആസൂത്രണ സമിതി

| | | |
|---|---|---|
| സുനി പത്യാല | | ചെയർമാർ |
| റ്റി.എച്ച്. ഷാജഹാൻ | വലിയവീട്ടിൽ | വൈസ് ചെയർമാൻ 9447259552 |
| അഡ്വ. സുനിൽ | തേനമ്മാക്കൽ | വൈസ് പ്രസിഡന്റ് |
| രഞ്ചുമോൾ | | വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ |
| കൊച്ചുറാണി | | ആരോഗ്യം, വിദ്യാഭ്യസം സ്റ്റാൻഡിംസ് കമ്മറ്റി ചെയർ പേഴ്സൺ |
| മനോജ് ജോസഫ് | | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ |
| നിഷ വി.ആർ. | | സെക്രട്ടറി, കൺവീനർ |
| കെ.ആർ. തങ്കപ്പൻ | | മെമ്പർ |
| ജോയ് | മുണ്ടാമ്പള്ളിൽ | മെമ്പർ |
| ജേക്കബ് ജോസ് | | മെമ്പർ |
| തോമസ് ജോസഫ് | മെമ്പർ | |
| സജിൻ വട്ടപ്പള്ളിൽ | | മെമ്പർ |
| ബിജോമോൾ | | മെമ്പർ |
| അജി കെ.സി. | | മെമ്പർ |
| അബ്ദുൾ റഷീദ് | കല്ലുങ്കൽ, കാഞ്ഞിരപ്പള്ളി | 9544842772 |
| മാത്യു സക്കറിയ | തൂങ്കുഴി, കാഞ്ഞിരപ്പള്ളി | 9447366572 |
| വി.ആർ. മോഹനൻപിളള | വെച്ചുകുന്നേൽ, കാഞ്ഞിരപ്പള്ളി | 9447037956 |
| ഷീജ ഗോപിദാസ് | തേവർമലയിൽ, കാഞ്ഞിരപ്പള്ളി | 9495446892 |
| മുഹമ്മദ് ഫൈസി | ചെറുകര, കാഞ്ഞിരപ്പള്ളി | 9447130060 |
| ബാബു | പൂതക്കുഴി, കാഞ്ഞിരപ്പള്ളി | 9497224058 |
| മാത്യു | പൂവക്കുളം, കാഞ്ഞിരപ്പള്ളി | 9495558092 |
| ബെന്നിച്ചൻ | കുട്ടൻച്ചിറയിൽ, കാഞ്ഞിരപ്പള്ളി | 9447158614 |
| ഷാജി ജേക്കബ് | കാഞ്ഞിരപ്പള്ളി | 6238968995 |
| ജാൻസി ജോർജ് | കിഴക്കേതലയ്ക്കൽ, തമ്പലക്കാട് | |
| ജെനീവ് പി.ജി. | പുതുപറമ്പിൽ, തമ്പലക്കാട് | 991666165 |
| പി.എ. താജു | മുംതാസ്മൻസിൽ | 9747552426 |
| ഷാജി പി.എം. | താന്നിമൂട്ടിൽ | 9497823346 |

# കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്

## 2026-2027 ബജറ്റ് സംഗ്രഹം

| | |
|---|---|
| മുൻബാക്കി | 51308611.00 |
| ആകെ വരവ് | 483508521.00 |
| ആകെ ചെലവ് | 464002011.00 |
| നീക്കി ബാക്കി | 19506510.00 |

# ബഡ്ജറ്റ് 2026-2027

| | | |
|---|---|---|
| 1. | ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം | - 4.5 കോടി |
| 2. | മിനി ബൈപ്പാസ് | - 1 കോടി 50 ലക്ഷം |
| 3. | മിനി ബൈപ്പാസ് സ്ഥലംവാങ്ങൽ | - 10 ലക്ഷം |
| 4. | പഞ്ചായത്ത് ഓഫീസ് പൂർത്തീകരണം | - 1 കോടി |
| 5. | ഈ ടോയ്ലറ്റ് | - 5 ലക്ഷം |
| 6. | സഹൃദയ വായനശാല കെട്ടിട നിർമ്മാണം പൂർത്തീകരണം | - 20 ലക്ഷം |
| 7. | വട്ടകപ്പാറ, കരിമ്പുകയം, മേലരുവി ടൂറിസം പദ്ധതി | - 25 ലക്ഷം |
| 8. | കാഞ്ഞിരപ്പപ്പള്ളി ബസ് സ്റ്റാന്റ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് | - 50 ലക്ഷം |
| 9. | കാഞ്ഞിരപ്പള്ളി ടൗൺ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ | - 10 ലക്ഷം |
| 10. | ടൗൺ ഹാൾ പരിസരത്ത് ചിൽഡ്രൻസ് പാർക്ക് നിർമ്മാണം | - 50 ലക്ഷം |
| 11. | ചിറ്റാർപ്പുഴ - ടൗൺ ഹാൾ സംരക്ഷണഭിത്തി നിർമ്മാണം | - 1 കോടി |
| 12. | എം.സി.എഫ്. പൂർത്തീകരണം | - 50 ലക്ഷം |
| 13. | ടൗൺഹാൾ നവീകരിച്ച് കല്ല്യാണ മണ്ഡപ നിർമ്മാണം | - 25 ലക്ഷം |
| 14. | ടൗൺ ഹാൾ മിനി ഓഡിറ്റോറിയം നിർമ്മാണം | - 10 ലക്ഷം |
| 15. | പകൽ വീട് പുന:സ്ഥാപിക്കൽ | - 10 ലക്ഷം |
| 16. | ചിറ്റാർ പുഴയും കൈത്തോടുകളും ശുചീകരണം | - 25ലക്ഷം |
| 17. | പേട്ടക്കവല-ഓപ്പൺസ്റ്റേജും ടാക്സി സ്റ്റാന്റും | - 1 കോടി |
| 18. | പേട്ടക്കവല പാലം വീതികൂട്ടൽ | - 50 ലക്ഷം |
| 19. | മാലിന്യ സംസ്ക്കരണം | - 1 കോടി |
| 20. | ലൈഫ് ഭവന പദ്ധതി | - 3.5 കോടി |
| 21. | പി.എം.എ.വൈ. | - 35 ലക്ഷം |
| 22. | ഭവന പുന:രുദ്ധാരണം | - 1 കോടി |
| 23. | കുടുംബശ്രീ യൂണിറ്റുകൾക്ക് തൊഴിൽ അവസരം | - 50 ലക്ഷം |
| 24. | കുടിവെള്ളം | - 1 കോടി |
| 25. | സി.സി. ടിവി, വെയ്സ്റ്റ് ബിൻ, ക്ലീൻ കാഞ്ഞിരപ്പള്ളി | - 10 ലക്ഷം |
| 26. | എസ്.സി. എസ്.റ്റി. കോളനി അടിസ്ഥാന സൗകര്യം | - 68 ലക്ഷം |
| 27. | വാഹനം വാങ്ങൽ | - 15 ലക്ഷം |
| 28. | ഊർജ്ജസംരക്ഷണം ലൈറ്റുകൾ സ്ഥാപിക്കൽ | - 10 ലക്ഷം |
| 29. | ശബരിമല - ലൈഫ് ഗാർഡ്, തെരുവ് വിളക്ക് സ്ഥാപിക്കൽ, കാട് വെട്ടൽ, അമൈനിറ്റി സെന്റർ | - 15 ലക്ഷം |
| 30. | തെരുവുനായശല്യം പരിഹാരമാർഗ്ഗം | - 5 ലക്ഷം |

| | | |
|---|---|---|
| 31. കൃഷി | - | 2 കോടി |
| 32. കാർഷികം - റബ്ബർ തോട്ടങ്ങളിൽ ഇടവിള കൃഷി - ഇഞ്ചി, മഞ്ഞൾ, മരച്ചീനി, തേനീച്ചപ്പെട്ടി (10സെന്റ് മുതൽ 1 ഏക്കർവരെ) | - | 10 ലക്ഷം |
| 33. ക്ഷീരഗ്രാമം - കന്നകുട്ടിപരിപാലനം, കാലിത്തീറ്റ, കറവപശുവിതരണം, പാൽ ഇൻസന്റീവ് | - | 50 ലക്ഷം |
| 34. പഞ്ചായത്ത് കിണറുകൾ ശുചീകരിക്കൽ | - | 2.5 ലക്ഷം |
| 35. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് സ്ഥലം വാങ്ങലും കെട്ടിട നിർമ്മാണവും | - | 50 ലക്ഷം |
| 36. ആശാവർക്കർമാർക്ക് അധിക വേതനം നൽകൽ | - | 2 ലക്ഷം |
| 37. വയോജന ക്ലബ്ബുകൾ രൂപീകരിക്കലും കലോത്സവും | - | 2 ലക്ഷം |
| 38. വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ, കമ്പ്യൂട്ടർ എന്നിവ വാങ്ങൾ | - | 10 ലക്ഷം |
| 39. ആരോഗ്യം | - | 1.5 കോടി |
| 40. മെഡിക്കൽ ക്യാമ്പ് | - | 1 ലക്ഷം |
| 41. കോക്ലിയർ ഇംപ്ലാന്റ്, റിപ്പയർ, ശ്രുതി തരംഗം | - | 3 ലക്ഷം |
| 42. വൃക്ക രോഗികൾക്ക് ഡയാലിസിസ് കിറ്റ് | - | 10 ലക്ഷം |
| 43. പാലിയേറ്റീവ് കെയർ - ഉപകരണം വാങ്ങൽ | - | 15 ലക്ഷം |
| 44. വിദ്യാഭ്യാസം | - | 10 ലക്ഷം |
| 45. സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും ലഹരിവിരുദ്ധ ബോധവത്ക്കരണ ക്യാമ്പുകൾ | - | 1 ലക്ഷം |
| 46. ഐ.ഇ.സി. പോസ്റ്ററിംഗ്, ബാനർ, ഷോർട്ട് ഫിലിം | - | 2 ലക്ഷം |
| 47. യുവജനക്ഷേമം - കേരളോത്സവം | - | 2 ലക്ഷം |
| 48. കുട്ടികളുടെ ക്ഷേമം | - | 1 ലക്ഷം |

# കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്
## 2025–2026 സാമ്പത്തികവർഷത്തെ കരട് ബജറ്റ്

| | PARTICULARS | Actuals for the year 2023-2024 (യഥാർത്ഥ കണക്ക് 2023–2024) | Budget for the year ) Including all revisions) 2024-2025 (പരിഷ്കരിച്ച ബജറ്റ് 2024–2025) | Budget for the year 2025-2026 (ബജറ്റ് 2025–2026) | ബജറ്റ് 2026–2027 |
|---|---|---|---|---|---|
| 1 | Tax revenue - നികുതി വരുമാനം (BS-1) | 2,09,12,889.00 | 2,48,46,515.00 | 2,75,00,000.00 | 3,16,50,000.00 |
| 2 | Non tax revenue - നികുതിയിതര വരുമാനം (BS-2) | 2,13,72,725.00 | 2,20,20,879.00 | 2,22,30,576.00 | 2,23,26,829.00 |
| 3 | General Purpose Fund - ജനറൽ പർപ്പസ് ഫണ്ട് (BS-3) | 1,97,91,000.00 | 2,63,88,000.00 | 3,00,80,000.00 | 3,91,14,000.00 |
| 4 | Total - BsI (BS -1+BS-2+BS-3) | 6,20,76,614.00 | 7,32,55,394.00 | 7,98,10,576.00 | 9,30,90,829.00 |
| 5 | Revenue Expenditure-Statutory Funtions - റവന്യൂ ചെലവുകൾ-അനിവാര്യ ചുമതലകൾക്ക് (BS-8) | 2,45,97,537.00 | 2,80,44,259.00 | 3,32,89,100.00 | 4,37,18,050.00 |
| 6 | Closing Balance - നീക്കി ബാക്കി | 3,74,79,077.00 | 4,52,11,135.00 | 4,65,21,476.00 | 4,93,72,779.00 |
| 7 | 5% of (4)[(BS -1+BS-2+BS-3) x 5 /100] | 31,03,830.70 | 36,62,769.70 | 39,90,528.80 | 46,54,541.00 |

2026-2027 വർഷത്തെ തനതുമിച്ചം 5% ത്തിലും അധികമുണ്ട്.

നിയമാനുസൃതം തനതുവരുമാനത്തിന്റെ 5% നീക്കി ബാക്കി ഉണ്ടായിരിക്കണം.

# കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്

## 2026–2027 സാമ്പത്തികവർഷത്തെ ബജറ്റ് സംഗ്രഹം

(ധനകാര്യ സ്ഥിരം സമിതിയുടെ 5-03-2026 തീയതിയിലെ 1/1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചത്.)

## വരവുകൾ

| | |
|---|---|
| മുൻബാക്കി | 51308611 |
| നികുതി വരുമാനം | 31650000 |
| നികുതിയിതര വരുമാനം | 22326829 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 39114000 |
| ദേശീയ ഗ്രാമീണതൊഴിലുറപ്പുപദ്ധതി വിഹിതം / കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | 12257000 |
| വികസന ഫണ്ട് | 70961000 |
| മെയിന്റനൻസ് ഗ്രാന്റ് | 27334000 |
| ക്ഷേമപദ്ധതികൾ / സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം | 130000000 |
| MP ഫണ്ട് | |
| MLA ഫണ്ട് | |
| | |
| | |
| ജില്ലാ പഞ്ചായത്ത് വിഹിതം | 20117600 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 13830411 |
| വായ്പ വരവുകൾ | 30000000 |
| കുടുംബശ്രീ | |
| മറ്റുള്ളവ | 14609070 |
| **ആകെ വരവ്** | 483508521 |

# കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്
## 2026-2027 സാമ്പത്തികവർഷത്തെ ബജറ്റ് സംഗ്രഹം
## ചെലവുകൾ

| | |
|---|---|
| ജനപ്രതിനിധികളുടെ ഹോണറേറിയം, യാത്രാപ്പടി, മറ്റ് ആനുകൂല്യങ്ങൾ | 6000000 |
| ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും | 50130000 |
| ഓഫീസ് ചെലവുകൾ | 3080000 |
| തെരുവു വിളക്കുകൾ | 5300000 |
| പൊതു ടാപ്പുകളുടെ വെള്ളക്കരം | 500000 |
| മറ്റ് ഭരണച്ചെലവുകൾ | 1712000 |
| ജനകീയാസൂത്രണ പദ്ധതി ചെലവുകൾ | 218295000 |
| തൊഴിലുറപ്പുപദ്ധതി / മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികൾ | 12257000 |
| ക്ഷേമ പെൻഷനുകൾ / സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം | 130000000 |
| ങജ ഫണ്ട് | |
| ങഘഅ ഫണ്ട് | |
| | |
| | |
| ജില്ലാ പഞ്ചായത്ത് വിഹിതം | 20117600 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 13830411 |
| കുടുംബശ്രീ | |
| മറ്റുള്ളവ | 7550000 |
| **ആകെ ചെലവ്** | 464002011 |
| | |
| **നീക്കിയിരിപ്പ്** | 19506510 |
| | |